(സി) സംസ്ഥാനത്തിന്റെ വർദ്ധിച്ചുവരുന്ന ഊർജ്ജ ആവശ്യകത നേരിടാനായി ചെറുകിട വൈദ്യുതി ഉത്പാദന സംരംഭങ്ങൾ കൂടുതൽ നടപ്പിലാക്കുന്നതിനായി മുന്തിയ പരിഗണന നൽകുന്നു. അപ്രകാരം ചെറുകിട ജലവൈദ്യുതി, കാറ്റ് തുടങ്ങിയ ഊർജ്ജ സ്രോതസ്സുകളിൽനിന്നുള്ള വൈദ്യുത ഉത്പാദനം നിക്ഷേപ സൗഹൃദമാക്കാൻ നിലവിലുണ്ടായിരുന്ന മാനദണ്ഡങ്ങൾ പുനഃപരിശോധിച്ച് ആവശ്യമായ ഭേദഗതികൾ വരുത്തിയിട്ടുണ്ട്.

ഇടുക്കി ജലവൈദ്യുതി പദ്ധതി

26(2014) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടുക്കി വൈദ്യുതി പദ്ധതിയിൽനിന്നും 2014-15 സാമ്പത്തിക വർഷം എത്ര യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിച്ചു ;

(ബി) ഇവിടെനിന്നും ഉല്പാദിപ്പിക്കുന്ന വൈദ്യുതിയുടെ ഇപ്പോഴത്തെ ഉല്പാദനച്ചെലവ് യൂണിറ്റ് ഒന്നിന് എത്ര പൈസ ആകുമെന്ന് വെളിപ്പെടുത്താമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇടുക്കി ജലവൈദ്യുത പദ്ധതിയുടെ അറ്റകുറ്റപ്പണിക്കായി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് വർഷം തിരിച്ച് വിവരിക്കാമോ ;

(ഡി) അറ്റകുറ്റപ്പണി നടത്തിയിട്ടുണ്ടോ ; എങ്കിൽ ഇത് നിർവ്വഹിച്ച കമ്പനി ഏതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2495395000 യൂണിറ്റ് (2495.395 മില്യൺ യൂണിറ്റ്)

(ബി) 13.41 പൈസ.

(സി)

സാമ്പത്തിക വർഷം	ചെലവായ തുക്
2011-12 (6/2011 to 3/2012)	₹.2,93,60,940
2012-13	₹.3,09,68,282
2013-14	₹.2,58,29,753
2014-15	₹.3,30,64,556
2015-16 (8-6-15 വരെ)	₹.93,24,988
ആകെ	₹.12,85,48,519

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇടുക്കി ജലവൈദ്യുതി പദ്ധതിയിലെ യന്ത്രസാമഗ്രികളുടെ അറ്റകുറ്റ പണികൾ (Scheduled Maintenance - Annual Maintenance & Monthly Maintenance) അവയുടെ നിർമ്മാതാക്കൾ അനുശാസിക്കുന്ന രീതിയിലും കാലയളവിലും കൃത്യമായി ചെയ്യുവരുന്നു. ഇത്തരം അറ്റകുറ്റപ്പണികൾ ബോർഡ് ജീവനക്കാരാണ് ചെയ്യാറുള്ളത്. ബോർഡ് ജീവനക്കാർക്ക് മാത്രമായി ചെയ്യുവാൻ സാധ്യമല്ലാത്ത ജോലികൾ ടെണ്ടർ/കോട്ടേഷൻ അടിസ്ഥാനത്തിൽ കരാർ നൽകുന്നു. ഇതിനായി സ്ഥിരം കോൺട്രാക്ടിംഗ് കമ്പനിയെ ഏർപ്പെടുത്തിയിട്ടില്ല.

മാങ്കുളം, പള്ളിവാസൽ, തൊട്ടിയാർ, ചെങ്കുളം പദ്ധതികളുടെ പുരോഗതി

27(2015) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാങ്കുളം, പള്ളിവാസൽ, തൊട്ടിയാർ, ചെങ്കുളം എന്നീ വൈദ്യുത പദ്ധതികളുടെ പുരോഗതി വിശദമാക്കുമോ ;

(ബി) ഏതെങ്കിലും പദ്ധതിയിൽ കാലതാമസം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഏത് പദ്ധതിയിലാണ് ;

(സി) ആയത് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-സി)

1. മാങ്കുളം ജലവൈദ്യുത പദ്ധതി (40 MW)- ഈ പദ്ധതിക്കാവശ്യമായ 79.93 ഹെക്ടർ ഭൂമിയിൽ 52.87 ഹെക്ടർ സ്വകാര്യ ഭൂമിയാണ്. നാളിതുവരെ 29.45 ഹെക്ടർ ഭൂമി 131 ഭൂവുടമകളിൽനിന്നും ഏറ്റെടുക്കുന്നതിന് ധാരണയിലെത്തുകയും 19.05 ഹെക്ടർ ഭൂമി ബോർഡിന്റെ അധീനതയിലാക്കുകയും ചെയ്തിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്നതിനുള്ള കാലതാമസം പദ്ധതിയുടെ നിർമ്മാണം വൈകുന്നതിന് കാരണമായിട്ടുണ്ട്.

ഭൂമി ഏറ്റെടുക്കുന്നത് ത്വരിതപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഭൂമി മുഴുവൻ ഏറ്റെടുത്തതിനുശേഷം മാത്രമേ പദ്ധതിയുടെ ദർഘാസ് ക്ഷണിക്കാൻ സാധിക്കുകയുള്ളൂ.

2. പള്ളിവാസൽ എക്സ്റ്റൻഷൻ സ്കീം (60 MW/153.9 MU) - പദ്ധതിയുടെ പ്രവർത്തനങ്ങൾ 74 ശതമാനം പൂർത്തിയായിട്ടുണ്ട്. പദ്ധതിയുടെ ഇൻടേക്ക്, ടണൽ എന്നീ ഘടകങ്ങൾ വരുന്നസ്ഥലത്ത് ഉദ്ദേശിച്ചരീതിയിൽ ഉറപ്പുള്ള പാറ ലഭ്യമാകാത്തതിനാൽ

LIBRARY ARCHIVES Kerala Legislative Assembly